നാട്ടിക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് നിർവ്വഹണം

107 (4098) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ ഭരണാനുമതി ലഭിച്ച നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് സാമ്പത്തിക തടസ്സങ്ങൾ ഉണ്ടോ; പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ തുക അനുവദിച്ചുവോ ;

(ബി) നാട്ടിക മണ്ഡലത്തിൽ, ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആസ്തി വികസന ഫണ്ടിൽനിന്ന് ഏതെല്ലാം പ്രവൃത്തികൾക്ക് തുക അനുവദിച്ചുവെന്നും എത്ര വീതം തുക നൽകിയെന്നും അറിയിക്കുമോ;

(സി) നാട്ടിക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ധനവകുപ്പിന്റെ അനുമതിയോടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ള പ്രവൃത്തികൾക്ക് അവയുടെ നിർവ്വഹണ പുരോഗതിക്കനുസരിച്ചാണ് ഫണ്ട് കൈമാറി നൽകുന്നത്. പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് സംസ്ഥാനതല മുൻഗണനാക്രമമനുസരിച്ചാണ് തുക അനുവദിക്കുന്നത്. പ്രവൃത്തികളുടെ പുരോഗതിക്കനുസൃതമായി നിർവ്വഹണവകുപ്പ് പരിശോധിച്ച് ലഭ്യമാക്കുന്ന ബില്ലുകൾ ഫണ്ട് റിലീസ് സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി റിലീസ് ചെയ്ത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആസ്തിവികസന പദ്ധതിയുൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷം 500 ലക്ഷം അടങ്കൽ വരുന്ന 4 പ്രവർത്തികളും 2013-14 സാമ്പത്തിക വർഷം 475 ലക്ഷം അടങ്കൽ വരുന്ന 4 പ്രവർത്തികളും 2014-15 സാമ്പത്തിക വർഷം 63 ലക്ഷം അടങ്കൽ വരുന്ന 1 പ്രവർത്തിക്കും അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു* :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly